**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 145** — **23-01-2025 - ൽ മറുപടിയ്ക്ക്**

**പരവൂർ അഗ്നിരക്ഷാ നിലയത്തിനു കെട്ടിടം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ** | | **ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി)** | |
| (എ) | ചാത്തന്നൂർ നിയോജക മണ്ഡലത്തിലെ പരവൂർ അഗ്നിരക്ഷാനിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിലുള്ള F1/21/2024 നമ്പർ ഫയലിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ; | (എ) | 2024-25 വർഷത്തെ ബഡ്ജറ്റിൽ "4059-60-051-85-PV" എന്ന ശീർഷകത്തിൽ അഗ്നിരക്ഷാ സേവന വകുപ്പിന് 21 കോടി രൂപ വകയിരുത്തിയിട്ടുള്ളതുപയോഗപ്പെടുത്തി പരവൂർ ഉൾപ്പെടെ അഞ്ച് അഗ്നിരക്ഷാ നിലയങ്ങൾക്ക് കെട്ടിടം നിർമിക്കുന്നതിന് അനുമതി നൽകുന്നതാണ് F1/21/2024/Home ഫയലിലെ വിഷയം. 2024-25 ബഡ്ജറ്റിൽ ഫയർ & റസ്ക്യൂ സർവീസസ് വകുപ്പിന് വിവിധ ശീർഷകങ്ങളിലായി വകയിരുത്തിയ 74 കോടി രൂപ നടപ്പ് സാമ്പത്തിക വർഷത്തെ പദ്ധതി വിഹിത ക്രമീകരണ പ്രകാരം 37 കോടിയായി നിജപ്പെടുത്തിയതിനാൽ ഇതിനകം ഭരണാനുമതി നൽകി കഴിഞ്ഞ് അവശേഷിക്കുന്ന തുകക്ക് മാത്രമേ ഇനി ഭരണാനുമതി നൽകുവാൻ കഴിയൂ. പദ്ധതി വിഹിത ക്രമീകരണം കഴിഞ്ഞ് അവശേഷിക്കുന്ന തുക വകുപ്പിന് ഏറ്റവും അനിവാര്യമായവയ്ക്കായി വിനിയോഗിക്കുന്നത് സംബന്ധിച്ചുള്ള നടപടികളിലാണ്. |
| (ബി) | പ്രസ്തുത നിലയത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കേണ്ടതിന്റെ അനിവാര്യത വ്യക്തമാക്കി എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ (നമ്പർ:8993390) ഇതിനകം എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് വിശദമാക്കാമോ; | (ബി) | നിവേദനം ധനകാര്യ വകുപ്പ് പരിശോധനയിലാണ്. |
| (സി) | പ്രസ്തുത നിലയത്തിന് കെട്ടിടം നിർമ്മിക്കുന്നതിന് തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ എന്തെങ്കിലും തടസങ്ങളുണ്ടെങ്കിൽ ആയത് എന്തെല്ലാമെന്ന് വിശദമാക്കാമോ? | (സി) | പിരിവ്(എ)യിൽ ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ